# ടി. ഉണ്ണീൻ കുട്ടി മൗലവി



**ജമാഅത്തെ** ഇസ്‌ലാമി അംഗവും മലപ്പുറം, പാലക്കാട് ജില്ലാ നാസിമുമായിരുന്ന ടി. ഉണ്ണീൻ കുട്ടി മൗലവി (82) 15.01.2007-ന് നമ്മെ വിട്ടുപിരിഞ്ഞു- *ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.* ആദ്യകാല പ്രസ്ഥാനനായകരിലെ ഒരു കണ്ണികൂടി അറ്റു. കൊണ്ടോട്ടി താഴത്തേരി ഹൈദർസിന്റെയും ആമിനയുടെയും മകനായി 1925-ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കൊണ്ടോട്ടി ഖാദിയാരകം പള്ളി ദർസിൽ പഠിച്ചു. നല്ലൊരു സംഘാടകനായ മൗലവി ദർസ് പഠനത്തിനു ശേഷം കൊണ്ടോട്ടിയിൽ മുസ്‌ലിം ലീഗ് കെട്ടിപ്പടുക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. മുസ്‌ലിം ലേബർ യൂനിയൻ കൊണ്ടോട്ടി ഏരിയാ സെക്രട്ടറി, ഏറനാട് താലൂക്ക് ലേബർ യൂനിയൻ ജോയിന്റ് സെക്രട്ടറി, ലേബർ യൂനിയൻ മലബാർ ജില്ലാ കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. ബീഡിത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ കാര്യമായ പങ്കുവഹിച്ചു. പഴയകാല ലീഗ് നേതാക്കളായ കെ.എം സീതി സാഹിബ്, കെ.എം മൗലവി, കെ.കെ അബു തുടങ്ങിയവരുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മുസ്‌ലിംകളുടെ ദൗത്യമെന്ത് എന്ന ചിന്ത അദ്ദേഹത്തെ അസ്വസ്ഥനാക്കി. അക്കാലത്ത് മുസ്‌ലിം ലീഗിന്റെ പ്രവർത്തനങ്ങളിൽനിന്ന് അദ്ദേഹം വിട്ടുനിൽക്കുകയായിരുന്നു. ആയിടക്കാണ് *പ്രബോധനം* ഒന്നാം ലക്കം വായിക്കാനിടയായത്. പിന്നീട് ഓരോ ലക്കവും ആർത്തിയോടെ വായിച്ചു. ജമാഅത്ത് ഗ്രന്ഥങ്ങളും ഹാജി സാഹിബിന്റെ കൊണ്ടോട്ടിയിലെ പ്രസംഗ പരമ്പരയും പ്രസ്ഥാനവുമായി കൂടുതൽ അടുപ്പിച്ചു. ജോലിയാവശ്യാർഥം മൈസൂരിലെത്തിയ മൗലവി *പ്രബോധന*ത്തിന് വരിക്കാരെയും വായനക്കാരെയും സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ മുൻനിരയിൽ നിന്നു. മലയാളി ബീഡിത്തൊഴിലാളികളിലാണ് അദ്ദേഹം കൂടുതൽ കേന്ദ്രീകരിച്ചത്. *ഖുത്ബാത്തും ഇസ്‌ലാം മതവും പ്രബോധനവും* നൽകി പ്രസ്ഥാനത്തോട് ആഭിമുഖ്യമുള്ള ഒരു നിരയെ സൃഷ്ടിച്ചു. ഹാജി സാഹിബുമായി എഴുത്തുകളിലൂടെ നിരന്തരം ബന്ധപ്പെട്ട് അന്വേഷണവും സംശയനിവാരണവും നടത്തി. മൈസൂരിൽ രൂപം കൊണ്ട മലയാളി ഹംദർദ് ഹൽഖയുടെ പ്രഥമ നാസിമായി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് കോയമ്പത്തൂരിൽ ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ മലയാളികളെ സംഘടിപ്പിച്ച് അവർക്ക് ക്ലാസ്സെടുക്കാറുണ്ടായിരുന്നു.

1962-ലാണ് മൗലവി ജമാഅത്ത് അംഗമാവുന്നത്. 1963-ൽ കെ.സി അബ്ദുല്ല മൗലവിയുടെ നിർദേശപ്രകാരം മുണ്ടുമുഴിയിൽ എത്തി. അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു. അങ്ങനെയാണ് മൗലവി മുണ്ടുമുഴിക്കാരനാവുന്നത്.

വാഴക്കാട്, കീഴുപറമ്പ്, തിരുത്തിയാട് മേഖലകളിൽ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ ത്യാഗനിർഭരമായ പ്രവർത്തനങ്ങളാണ് നടത്തിയത്. പ്രതിദിനം 40-ലേറെ കിലോമീറ്റർ കാൽനടയായി യാത്ര ചെയ്താണ് ക്ലാസ്സുകളും പൊതുപരിപാടികളും സംഘടിപ്പിക്കാറുണ്ടായിരുന്നത്. ഏറെക്കാലം വാഴക്കാട് ഫർക്കാ കൺവീനറായിരുന്നു.

മുണ്ടുമുഴി, കീഴുപറമ്പ്, അരൂർ, എടപ്പാൾ, മൂഴിക്കൽ, മൊറയൂർ, മസ്ജിദ് ലുഅ്‌ലുഅ്, ഒളവട്ടൂർ, വേങ്ങേരി, തിരൂർ കുറുമ്പടി എന്നിവിടങ്ങളിൽ മദ്റസാ അധ്യാപകനായും ഖത്വീബായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേരള അമീർ ടി. ആരിഫലി സാഹിബ് ഉൾപ്പെടെ വലിയൊരു ശിഷ്യഗണത്തിന്റെ ഉടമയാണ്.

കക്ഷിഭേദമില്ലാതെ എല്ലാവർക്കും സ്വീകാര്യനായിരുന്നു മൗലവി. മുജാഹിദ് മഹല്ലായിരുന്ന അരൂരിലെ ഖത്വീബ് സ്ഥാനം അദ്ദേഹത്തെ ഏൽപിക്കുകയുണ്ടായി. അരൂരിലെ പള്ളി പുനർനിർമാണത്തിലും അദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു. അദ്ദേഹം ഖത്വീബ് സ്ഥാനം ഒഴിഞ്ഞതിനു ശേഷമാണ് അരൂരിൽ സുന്നി-മുജാഹിദ് ഭിന്നത ഉടലെടുത്തതും പള്ളി ദീർഘകാലം പൂട്ടിയിടേണ്ടിവന്നതും. മുണ്ടുമുഴിയിലെ സുന്നി നമസ്കാര പള്ളി ഉദ്ഘാടനം ചെയ്തത് മൗലവിയായിരുന്നു. തനിക്ക് സത്യമെന്ന് തോന്നുന്ന കാര്യങ്ങൾ ആരുടെ മുമ്പിലും തുറന്നുപറയാൻ മടിച്ചിരുന്നില്ല.

പ്രസ്ഥാനത്തിന്റെ നിർദേശങ്ങൾ അക്ഷരംപ്രതി പാലിക്കാൻ മൗലവി എന്നും നിഷ്കർഷ പുലർത്തി. പത്തിരിപ്പാലയിലെ പ്രവർത്തക സംഗമത്തിൽ ആരോഗ്യകാരണങ്ങളാൽ ലീവിന് അപേക്ഷ നൽകി, വരാനിരിക്കുന്ന മാസത്തെ ബൈത്തുൽ മാൽ വിഹിതം നൽകി, ഇനിയും വാങ്ങിയിട്ടില്ലാത്ത പത്രത്തിന്റെ പണം നൽകി തന്റെ എല്ലാ ബാധ്യതകളും നിർവഹിച്ച ശേഷമാണ് നാഥങ്കലേക്ക് തിരിച്ചത്.

കുടുംബപ്രാരാബ്ധങ്ങൾ അലട്ടിയിരുന്നപ്പോഴും പ്രയാസങ്ങൾ ആരെയും അറിയിക്കാതെ ക്ഷമയോടെ ജീവിച്ച മൗലവിയുടെ ത്യാഗ-കർമസന്നദ്ധത നമുക്ക് എന്നും പ്രചോദനമാണ്. പ്രസ്ഥാനത്തിന് സമർപ്പിച്ച ജീവിതമായിരുന്നു മൗലവിയുടേത്. രോഗം കഷ്ടപ്പെടുത്തുന്നതുവരെ അദ്ദേഹം കർമരംഗത്ത് സജീവമായിരുന്നു.

ഭാര്യമാർ: പരേതയായ ആമിന, നഫീസ. മക്കൾ: അബ്ദുൽ ഹകീം (*മാധ്യമം*), അബ്ദുൽ ജലീൽ (രിയാദ്), മുഹമ്മദ് റഫീഖ് (ഖത്തർ), മുഹമ്മദ് സലീം (ഐ.പി.എച്ച്), അശ്റഫ്, ഹിഫ്സുർറഹ്മാൻ, ഖദീജ, ജസീല. മരുമക്കൾ: അഹ്മദ് കുട്ടി, സിറാജ് ബാബു, ഖദീജ, ഫാത്വിമ, ഹഫ്സത്ത്, ഹാജറ, മൈമൂന.

അദ്ദേഹത്തിന്റെ മരണം മൂലം ഉണ്ടായ വിടവ് അല്ലാഹു നികത്തിത്തരുമാറാകട്ടെ, കുടുംബത്തിന് ക്ഷമയും സ്ഥൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ, അല്ലാഹു അദ്ദേഹത്തെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ-ആമീൻ.

**കെ. അബ്ദുർറസ്സാഖ്, മുണ്ടുമുഴി**